# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

VOL. L - JK 11 | 2017 OCTOBER 8 | No. 11


### സർക്കുലർ – 31

# ലോക മിഷൻ ഞായർ – 2017

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

ആദ്യമായി, 2017 സെപ്തംബർ 10-ാം തീയതി നടന്ന വല്ലാർപാടം മരിയൻ തീർത്ഥാടനം, തുടർന്ന് സംഘടിപ്പിക്കപ്പെട്ട വല്ലാർപാടം മരിയൻ കൺവെൻഷൻ എന്നിവയുടെ വിജയത്തിനായും, കേരള ലത്തീൻ സഭയുടെ ചരിത്രത്തിലെ ഒരു നാഴികകല്ലായി മാറിയ 2017 ഒക്ടോബർ 6, 7, 8 തീയതികളിലെ മിഷൻ കോൺഗ്രസ് - ബി.സി.സി. കൺവെൻഷന്റെ സുഗമമായ നടത്തിപ്പിനായും ആത്മാർത്ഥമായി പ്രവർത്തിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാ വൈദികരെയും സന്യസ്തരെയും അല്മായ സഹോദരങ്ങളെയും അഭ്യുദയകാംഷികളെയും ഞാൻ സ്നേഹപൂർവ്വം അഭിനന്ദിക്കുന്നു. നിങ്ങളുടെ നിസ്വാർത്ഥവും നിസ്തുലവുമായ സഹകരണത്തിനും കൂട്ടായ പ്രവർത്തനങ്ങൾക്കും ഹൃദയപൂർവ്വം ഞാൻ നന്ദിപറയുകയും ചെയ്യുന്നു.

2017 ഒക്ടോബർ 22-ാം തീയതി ഞായറാഴ്ച നാം ആഗോള കത്തോലിക്കാ സഭയോടൊത്ത് മിഷൻ ഞായർ ആചരിക്കുകയാണ്. 'നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ എന്ന യേശുവിന്റെ ആഹ്വാനം ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് ലോക

ത്തിന്റെ നാനാഭാഗങ്ങളിൽ പ്രേഷിത പ്രവർത്തനങ്ങളിൽ വ്യാപൃത രായിരിക്കുന്ന എല്ലാ മിഷണറിമാരോടും പ്രാർഥനയോടെ നമുക്കുള്ള സ്നേഹവും കടപ്പാടും പ്രകടിപ്പിക്കുവാനും, വേദനയും വിപ്രവാസവും ദാരിദ്ര്യവും അനുഭവിക്കുന്നവർക്ക് നമ്മളാൽ കഴിയുന്ന സാമ്പത്തിക സഹായം നൽകാനുമുള്ള അവസരമാണ് മിഷൻ ഞായർ ആചരണം.

മുൻവർഷങ്ങളിലെപ്പോലെ തന്നെ ഈ പ്രാവശ്യവും ഭാരതസഭ യിൽ മറ്റു രൂപതകളെക്കാൾ കൂടുതലായി മിഷൻ ഞായർ സംഭാവന നൽകാൻ നമുക്ക് സാധിച്ചു. കഴിഞ്ഞവർഷം എഴുപത്തിയഞ്ചു ലക്ഷം (75,000,00) രൂപ തിരുസഭയുടെ പ്രേഷിതപ്രവർത്തനത്തിന് നേതൃത്വം നൽകുന്ന പൊന്തിഫിക്കൽ മിഷൻ സൊസൈറ്റിക്ക് അയച്ചു കൊടു ക്കാൻ നമുക്ക് സാധിച്ചത് നിങ്ങളോരോരുത്തരും സന്മനസ്സോടെ ത്യാഗ പൂർണ്ണമായ സംഭാവനകൾ നൽകിയതുകൊണ്ടാണ്. അതിന് നിങ്ങൾ ക്കെല്ലാവർക്കും ഹൃദയപൂർവ്വം ഞാൻ നന്ദി പറയുന്നു.

പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പായുടെ മിഷൻ ഞായർ സന്ദേശം താഴെ കൊടുത്തിരിക്കുന്നു. **പ്രസ്തുത സന്ദേശം 2017 ഒക്ടോ ബർ 15-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

ഈ വർഷത്തെ മിഷൻ സംഭാവനകൾ ശേഖരിച്ച് 2017 ഡിസം ബർ 31-ാം തീയതിക്ക് മുമ്പ് അതിരൂപതാ കച്ചേരിയിൽ ഏൽപി ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസന മന്ദിരത്തിൽനിന്ന് 2017 ഒക്ടോബർ 8-ാം തീയതി,

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

# ലോകമിഷൻ ഞായർ – 2017
# പ്രേഷിതത്വം ക്രൈസ്തവ വിശ്വാസത്തിന്റെ ഹൃദയത്തിൽ
### ഫ്രാൻസിസ് മാർപാപ്പാ

പ്രിയ സഹോദരീസഹോദരന്മാരേ,

ഒരിക്കൽക്കൂടി ഈ വർഷം ലോകമിഷൻ ദിനം ആദ്യത്തെ ഏറ്റവും വലിയ സുവിശേഷ പ്രഘോഷകനായ യേശുവിന്റെ ചുറ്റും നമ്മെ സമ്മേളിപ്പിക്കുന്നു (പോൾ VI, എവാഞ്ചെലീ നൂൺസ്യാന്തി, 7) അവിടന്ന് സുവിശേഷം പ്രഘോഷിക്കാൻ നമ്മെ നിരന്തരം അയയ്ക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പിതാവായ ദൈവത്തിനുള്ള സ്നേഹത്തിന്റെ സുവിശേഷം പ്രഘോഷിക്കാനാണ് അയയ്ക്കുന്നത്. ക്രൈസ്തവവിശ്വാസത്തിന്റെ ഹൃദയത്തിലുള്ള പ്രേഷിതത്വത്തെക്കുറിച്ച് വീണ്ടും ചിന്തിക്കാൻ ഈ ദിവസം നമ്മെ ക്ഷണിക്കുന്നു. സഭ പ്രകൃത്യാ മിഷണറിയാണ്. അങ്ങനെയല്ലെങ്കിൽ അവൾക്ക് ക്രിസ്തുവിന്റെ സഭയാകാൻ സാധിക്കുകയില്ല. വേഗത്തിൽ സ്വന്തം ലക്ഷ്യത്തിനായി അധ്വാനിച്ചിട്ട് കടന്നുപോകുന്ന മറ്റ് അനേകരെപ്പോലെയായിത്തീരും. അതുകൊണ്ട് വിശ്വാസികളെന്ന നിലയിൽ നമ്മുടെ ക്രൈസ്തവ തനിമയെയും ഉത്തരവാദിത്വത്തെയും കുറിച്ച് നമ്മോടുതന്നെ ചില ചോദ്യങ്ങൾ ചോദിക്കുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ആശയകുഴപ്പവും നിരാശയും മോഹഭംഗവുമുള്ള ഒരു ലോകത്തിലാണ് സഹോദരങ്ങളെ കൊന്നൊടുക്കുന്ന, നിഷ്കളങ്കരെ അന്യായമായി കൊന്നൊടുക്കുന്ന യുദ്ധങ്ങൾ നടക്കുന്ന ഒരു ലോകത്താണല്ലോ നാം ജീവിക്കുന്നത്? നമ്മുടെ പ്രേഷിതത്വത്തിന്റെ അടിസ്ഥാനം എന്താണ്? നമ്മുടെ പ്രേഷിതത്വത്തിന്റെ ഹൃദയം എന്താണ്? നമ്മുടെ പ്രേഷിതത്വം നിർവഹിക്കാൻ എന്തെല്ലാം മൗലികസമീപനങ്ങളാണ് നമ്മൾ സ്വീകരിക്കേണ്ടത്?

## വഴിയും സത്യവും ജീവനുമായ സുവിശേഷത്തിനുള്ള പരിവർത്തനാത്മകശക്തിയും പ്രേഷിതപ്രവർത്തനവും

**1.** സന്മനസ്സുള്ള സർവ സ്ത്രീപുരുഷന്മാരെയും ലക്ഷ്യം വയ്ക്കുന്ന സഭയുടെ പ്രേഷിതപ്രവർത്തനം സുവിശേഷത്തിന്റെ പരി

വർത്തനദായകമായ ശക്തിയിലാണ് അടിയുറപ്പിച്ചിരിക്കുന്നത്. സുവിശേഷം സംക്രമണപരമായ സന്തോഷം കൊണ്ടു നിറഞ്ഞ സദ്‌വാർത്തയാണ്. എന്തെന്നാൽ അതു നവജീവിതത്തെ ഉൾക്കൊള്ളുകയും നല്കുകയും ചെയ്യുന്നു. തന്റെ ജീവദായകമായ ആത്മാവിനെ വർഷിക്കുന്ന ഉത്ഥിതനായ ക്രിസ്തുവിന്റെ ജീവിതം നമുക്ക് വഴിയും സത്യവും ജീവനുമായിത്തീരുന്നു (cf യോഹ 14:6). ആത്മവിശ്വാസത്തോടും ധീരതയോടും കൂടി തന്നെ അനുഗമിക്കാൻ ക്ഷണിക്കുന്ന വഴിയാണ് അവിടന്ന്. നമ്മുടെ വഴിയെന്ന നിലയിൽ നാം ക്രിസ്തുവിനെ അനുഗമിക്കുമ്പോൾ നാം സത്യം അനുഭവിച്ചറിയുന്നു. അവിടത്തെ ജീവൻ സ്വീകരിക്കുകയും ചെയ്യുന്നു. ആ ജീവനാകട്ടെ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പിതാവായ ദൈവവുമായി പൂർണസംസർഗമാണ്. ആ ജീവിതം നമ്മെ എല്ലാത്തരം സ്വാർത്ഥതയിൽ നിന്നും സ്വതന്ത്രരാക്കുന്നു. അത് സ്നേഹത്തിലുള്ള സർഗശക്തിയുടെ ഉറവിടവുമാണ്.

**2.** പിതാവായ ദൈവം തന്റെ പുത്രീപുത്രന്മാരുടെ അസ്തിത്വപരമായ ഈ പരിവർത്തനം ആഗ്രഹിക്കുന്നു. ചൈതന്യത്തിലും സത്യത്തിലുമുള്ള ആരാധനയിൽ പ്രകാശനം കണ്ടെത്തുന്ന പരിവർത്തനമാണത് (cf യോഹ 4:23-24). പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതും പുത്രനായ യേശുവിനെ അനുഗമിക്കുന്നതുമായ പരിവർത്തനമാണത്. "ജീവിക്കുന്ന മനുഷ്യനാണ് ദൈവത്തിന്റെ മഹത്ത്വം" (ഇറനേവൂസ്, ശീശ്മകൾക്കെതിരേ, IV, 20, 7) അങ്ങനെ സുവിശേഷപ്രഘോഷണം അത് പ്രഘോഷിക്കുന്നത് നിവൃത്തിയാക്കുന്ന സജീവവും കാര്യക്ഷമവുമായ വാക്കായിത്തീരുന്നു (cf ഏശ 55:10-11): ഓരോ മാനുഷിക സാഹചര്യത്തിലും സ്ഥിരം ശരീരം സ്വീകരിക്കുന്ന യേശുക്രിസ്തു (cf യോഹ 1:14).

## പ്രേഷിതത്വവും ക്രിസ്തുവിന്റെ കൈറോസും

**3.** അതുകൊണ്ട് സഭയുടെ പ്രേഷിതത്വം ഒരു മതാത്മക പ്രത്യയശാസ്ത്രം പ്രചരിപ്പിക്കാനുള്ളതല്ല. ഉന്നതമായ ഒരു ധാർമിക പ്രബോധനം നിർദേശിക്കാനുള്ളതുമല്ല. ലോകത്തെങ്ങുമുള്ള അനേകം പ്രസ്ഥാനങ്ങൾ അർത്ഥപൂർണമായ ജീവിതം നയിക്കാൻ ശ്രേഷ്ഠമായ ആദർശങ്ങൾ അഥവാ മാർഗങ്ങൾ പ്രചോദിപ്പിക്കുന്നുണ്ട്. സഭയുടെ പ്രേഷിതത്വത്തിലൂടെ യേശുക്രിസ്തു തന്നെ സുവിശേഷവത്കരണവും

പ്രവർത്തനവും തുടരുന്നു. അങ്ങനെ സഭയുടെ പ്രേഷിതത്വം കൈറോസിനെ - രക്ഷയുടെ അനുകൂലമായ സമയത്തെ ഈ ചരിത്രത്തിൽ സന്നിഹിതമാക്കുന്നു. ഉത്ഥിതനായ ക്രിസ്തു സുവിശേഷപ്രഘോഷണം വഴി നമ്മുടെ സമകാലീകനായിത്തീരുന്നു. അങ്ങനെ വിശ്വാസത്തോടും സ്നേഹത്തോടും കൂടി അവിടത്തെ സ്വാഗതം ചെയ്യുന്നവർക്ക് പരിശുദ്ധാത്മാവിന്റെ പരിവർത്തനദായകമായ ശക്തി അനുഭവിക്കാൻ കഴിയും. പരിശുദ്ധാത്മാവാണ് മനുഷ്യവംശത്തെയും സൃഷ്ടിയെയും ഫലപുഷ്ടമാക്കുന്നത് - മഴ ഭൂമിയെ എന്നപോലെ തന്നെ. "അവിടത്തെ ഉത്ഥാനം ഒരു ഭൂതകാല സംഭവമല്ല. അതിനു സജീവമായ ഒരു ശക്തിയുണ്ട്. ആ ശക്തി ഭൂമിയിൽ വ്യാപിച്ചിരിക്കുന്നു. എല്ലാവരും മൃതരായി തോന്നിക്കുമ്പോൾ പെട്ടെന്ന് ഉത്ഥാനത്തിന്റെ അടയാളങ്ങൾ ഉദ്ഭവിക്കുന്നു. അത് തടയാനാവാത്ത ശക്തിയാണ്" (*എവാഞ്ചെലീ നൂൺസ്യാന്തി* 276).

**4.** നമുക്ക് ഒരു വസ്തുത മറക്കാതിരിക്കാം. അതായത് "ക്രൈസ്തവനായിരിക്കുകയെന്നത് ഒരു ധാർമിക തിരഞ്ഞെടുപ്പിന്റെയോ ഉന്നതമായ ഒരാശയത്തിന്റെയോ ഫലമല്ല. പിന്നെയോ ഒരു സംഭവത്തെ, ഒരു വ്യക്തിയെ കണ്ടുമുട്ടുന്നതിന്റെ ഫലമാണ്. അതു ജീവിതത്തിന് ഒരു പുതിയ ചക്രവാളവും നിർണായമായ മാർഗനിർദേശവും തരുന്നു" *(ബെനഡിക്റ്റ് 16-ാമൻ, ദേവൂസ് കാരിത്താസ് എസ്ത്, 1).* സുവിശേഷം ഒരു വ്യക്തിയാണ്. അവിടന്ന് അവിടത്തെ സ്വീകരിക്കുന്നവർക്ക് സ്വയം സമർപ്പിക്കുന്നു. വിനീതവും തീവ്രവുമായ വിശ്വാസത്തോടെ അവിടത്തെ സ്വീകരിക്കുന്നവരെ, തന്റെ ജീവിതത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും പെസഹാ രഹസ്യത്തിൽ കാര്യക്ഷമമായി പങ്ക് ചേരുന്നതിന് തന്നെ സ്വീകരിക്കുന്നവരെ, സ്ഥിരം ക്ഷണിക്കുകയും ചെയ്യുന്നു.

മാമ്മോദീസയിലൂടെ സുവിശേഷം നവജീവന്റെ ഉറവിടമായിത്തീരുന്നു. പാപത്തിന്റെ ആധിപത്യത്തിൽ നിന്നു സ്വതന്ത്രമാക്കപ്പെടുന്ന പരിശുദ്ധാത്മാവിനാൽ പ്രകാശിതവും പരിവർത്തിതവുമായിത്തീരുന്നു. സ്ഥൈര്യലേപനത്തിലൂടെ അതേ ആത്മാവിലൂടെ അത് സംരക്ഷണപരമായ ഒരു ലേപനമായിത്തീരുന്നു. അത് സാക്ഷ്യത്തിനും സഹഗമനത്തിനും വേണ്ടിയുള്ള പുതിയ മാർഗങ്ങളും തന്ത്രങ്ങളും ചൂണ്ടി

ക്കാണിക്കുന്നു. ദിവ്യകാരുണ്യത്തിലൂടെ അത് പുതിയ ജീവനുവേണ്ടി യുള്ള ഭക്ഷണമായിത്തീരുന്നു. അത് "അമർത്ത്യതയുടെ ഔഷധ മാണ്" (അന്തോക്യയിലെ ഇഗ്നേഷ്യസ്, എഫേസ്യർക്ക് 20, 2).

**5.** യേശുക്രിസ്തുവിന്റെ സുവിശേഷം ലോകത്തിനു ജീവ പരമായ ആവശ്യമാണ്. യേശുക്രിസ്തു സഭയിലൂടെ നല്ല സമറായന്റെ ദൗത്യം തുടരുന്നു. മനുഷ്യവംശത്തിന്റെ ചോരയൊലിക്കുന്ന മുറിവു കൾ വച്ചുകെട്ടുന്ന നല്ല ഇടയനെന്ന നിലയിൽ, ഒരിടത്തേക്കും എത്തി ക്കാത്ത വളഞ്ഞ വഴികളിലൂടെ അലഞ്ഞു തിരിയുന്നവരെ സ്ഥിരം അന്വേഷിക്കുന്നു. സുവിശേഷത്തിന്റെ പരിവർത്തനാത്മകമായ ശക്തി ശ്രദ്ധേയമായ പല അനുഭവങ്ങൾക്കും സാക്ഷ്യം വഹിക്കുന്നുണ്ട്. ദൈവ ത്തിനു നന്ദി. നൂവെർ ഗോത്രത്തിലെ ഒരു ശത്രു കൊല്ലാൻ തുട ങ്ങുന്ന ഒരു വിദ്യാർത്ഥിയെ ദിങ്കവംശത്തിലെ ഒരു വിദ്യാർത്ഥി ജീവൻ പണയം വച്ചു രക്ഷിക്കാൻ ശ്രമിച്ച സംഭവം ഞാൻ ഓർമ്മിക്കുന്നു. വടക്കേ ഉഗാണ്ടയിലെ ഒരു ദിവ്യാകാരുണ്യാഘോഷം ഞാൻ ഓർമ്മി ക്കുന്നു. അവിടെ ഒരു എതിർഗ്രൂപ്പുകാർ ഏറെപ്പേരെ മൃഗീയമായി കൊന്നൊടുക്കി. അപ്പോൾ ഒരു മിഷണറി കുരിശിൽക്കിടന്ന ക്രിസ്തു വിന്റെ വാക്കുകൾ ആവർത്തിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു: "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു?" ക്രൂശിതനായ ക്രിസ്തുവിന്റെ സഹോദരീസഹോദരന്മാരുടെ വിലാപ ത്തിന്റെ പ്രകാശനമെന്ന നിലയിൽ അങ്ങനെ ആവർത്തിച്ചു. ജന ങ്ങൾക്ക് ആ ആഘോഷം ആശ്വാസത്തിന്റെയും ധീരതയുടെയും അള വറ്റ ഉറവിടമായിരുന്നു. സുവിശേഷം എങ്ങനെ ഇടുങ്ങിയ മനോഭാവ ത്തെയും, സംഘർഷത്തെയും വംശീയവാദത്തെയും ഗോത്രവാദ ത്തെയും കീഴടക്കാൻ സഹായിക്കുന്നുവെന്നതിന്റെ അസംഖ്യം തെളി വുകളെ കൂടി നാം ഓർമ്മിക്കുന്നു. എല്ലായിടത്തും എല്ലാവരുടെയിട യിലും അനുരഞ്ജനവും സാഹോദര്യവും പങ്കുവയ്ക്കലും എങ്ങനെ വർധിപ്പിക്കുന്നുവെന്നും ഞാൻ ഓർമ്മിക്കുന്നു.

## പ്രേഷിതത്വം സ്ഥിരം പുറപ്പാടിന്റെയും തീർത്ഥാടനത്തിന്റെയും വിപ്രവാസത്തിന്റെയും അധ്യാത്മികതയെ പ്രചോദിപ്പിക്കുന്നു

**6.** സഭയുടെ പ്രേഷിതത്വം സ്ഥിരം പുറപ്പാടിന്റെ ആധ്യാത്മി കതയാൽ സജീവമാക്കപ്പെടുന്നു. "സുവിശേഷത്തിന്റെ പ്രകാശം ആവ

ശ്യമായിരിക്കുന്ന എല്ലാ അതിരുകളിലേക്കും എത്തിച്ചേരാൻവേണ്ടി നമ്മുടെ സുഖവാസത്തിന്റെ മേഖല വിട്ടുപോകാൻ" (*എവാഞ്ചെലീ നൂൻസ്യാന്തി,* 20) നാം വെല്ലുവിളിക്കപ്പെടുന്നു. സഭയുടെ പ്രേഷിതത്വം നമ്മെ ജീവിതത്തിന്റെ വിവിധ മരുഭൂമികളിലേക്ക് സ്ഥിരം സഞ്ചരിക്കാൻ നിർബന്ധിക്കുന്നു. വിശപ്പിന്റെയും ദാഹത്തിന്റെയും അനുഭവങ്ങളിലൂടെ സത്യത്തിനും നീതിക്കുംവേണ്ടി സഞ്ചരിക്കാൻ തന്നെ. സഭയുടെ പ്രേഷിതത്വം അനന്തതയ്ക്കായുള്ള ദാഹത്തിൽ സ്ഥിരമായ വിപ്രവാസത്തിന്റെ ബോധം നമ്മിൽ ഉണർത്തുന്നു. നാം വിപ്രവാസികളാണെന്ന ബോധം ഉണർത്തുന്നു. നാം നമ്മുടെ അന്തിമഭവനത്തിലേക്ക് യാത്ര ചെയ്യുന്ന വിപ്രവാസികളാണ്. സ്വർഗരാജ്യത്തിന്റെ സംഭവിച്ചുകഴിഞ്ഞ ഇനിയും സംഭവിച്ചില്ലെന്ന അവസ്ഥകൾക്കിടയിൽ സഞ്ചരിക്കാൻ തന്നെ.

**7.** സഭ തന്നിൽത്തന്നെ ഒരു ലക്ഷ്യമല്ല എന്ന് സഭയുടെ പ്രേഷിതത്വം നമ്മെ ഓർമ്മിപ്പിക്കുന്നു. സഭ ദൈവരാജ്യത്തിന്റെ വിനീതമായ ഒരു ഉപകരണവും മധ്യവർത്തിത്വവുമാണെന്നു ഓർമ്മിപ്പിക്കുന്നു. സ്വയം പരാമർശിക്കുന്ന ഭൗമിക വിജയംകൊണ്ടു തൃപ്തിയടയുന്ന ഒരു സഭ ക്രിസ്തുവിന്റെ സഭയല്ല അവിടത്തെ ക്രൂശിതവും മഹത്ത്വപൂർണവുമായ ശരീരത്തിന്റേതല്ല. അതുകൊണ്ടാണ് "തെരുവുകളിലായിരുന്നതുകൊണ്ട് മുറിവേറ്റ സഭയെ വേദനിപ്പിക്കുന്നതും മാലിന്യമുള്ളതുമായ സഭയെ സ്വയം അടച്ചുപൂട്ടിയിരിക്കുന്നു. സ്വന്തം രക്ഷയോടു ഒട്ടിച്ചേർന്നിരിക്കുന്ന സഭയെ എന്നതിനെക്കാൾ കൂടുതലായി നാം ഇഷ്ടപ്പെടുന്നത് (അവിടെത്തന്നെ, 49).

## യുവജനം പ്രേഷിതത്വത്തിന്റെ പ്രത്യാശ

**8.** യുവജനമാണ് പ്രേഷിതത്വത്തിന്റെ പ്രത്യാശ. യേശുക്രിസ്തു എന്ന വ്യക്തിയും അവിടന്ന് പ്രഘോഷിച്ച സദ്വാർത്തയും അനേകം യുവജനങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യവംശത്തിനു സേവനം ചെയ്യാൻ ധീരതയും ആവേശവും ഉള്ളവരാകുവാൻ വേണ്ട മാർഗങ്ങൾ അവർ അന്വേഷിക്കുന്നു. "ലോകത്തിലെ തിന്മകളെ നേരിടാൻ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ധാരാളം യുവതീയുവാക്കളുണ്ട്. അവർ സുധീരമായ സേവനത്തിന്റെ വിവിധ വഴികളിൽ വ്യാപരിക്കുന്നു... യുവജനം തെരുവീഥികളിൽ വചനപ്രഘോഷ

കരായിരിക്കുന്നതു കാണുക എത്ര സുന്ദരമാണ്! അവർ സന്തോഷ പൂർവം ഓരോ തെരുവിലും ഓരോ ടൗൺ ചത്വരത്തിലും ഭൂമിയുടെ ഓരോ കോണിലും യേശുവിനെ സന്തോഷപൂർവം അവതരിപ്പിക്കുന്നു.” (അവിടെത്തന്നെ 106) അടുത്ത മെത്രാന്മാരുടെ സിനഡിന്റെ സാധാരണ പൊതു സമ്മേളനം 2018-ൽ നടക്കും. അതിന്റെ പ്രമേയം *യുവജനം, വിശ്വാസവും, വിളിപരമായ തിരിച്ചറിയലും* എന്നാണ്. അത് ദൈവനിശ്ചിതമായ ഒരു അവസരമാണ്. പ്രേഷിതത്വത്തിന്റെ ഉത്തര വാദിത്വത്തിൽ യുവജനങ്ങളെ അത് ഉൾപ്പെടുത്തും. പ്രേഷിതത്വത്തിന് അവരുടെ ഭാവനാശക്തിയും സർഗാത്മകതയും ആവശ്യമാണ്.

## പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളുടെ സേവനം

**9.** എല്ലാവരോടും സുവിശേഷം പ്രഘോഷിക്കാൻവേണ്ടി സ്വന്തം അതിരുകളും സ്വന്തം സുരക്ഷിതത്വവും വിട്ട് അകലേക്കു പോകാനുള്ള ഒരു ആഗ്രഹം ഓരോ ക്രൈസ്തവസമൂഹത്തിലും ഉണർത്തുവാനുള്ള അമൂല്യങ്ങളായ മാർഗങ്ങളാണ് പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ. അവയ്ക്ക് നിരന്തരം പോഷിപ്പിക്കുന്ന അഗാധമായ ആധ്യാത്മികതയുണ്ട്. പ്രേഷിതത്വബോധവും ആവേശവും ജനിപ്പിക്കുന്ന സ്ഥിരം സമർപ്പണവുമുണ്ട്. അതിന്റെ സഹായത്താൽ യുവജനങ്ങളും മുതിർന്നവരും കുടുംബങ്ങളും വൈദികരും മെത്രാന്മാരും സന്ന്യാസിനീസന്ന്യാസികളും എല്ലാവരുടെയും ഹൃദയത്തിൽ പ്രേഷിതത്വ ചൈതന്യം വികസിപ്പിക്കുന്നു. വിശ്വാസ പ്രചരണസംഘം നിർദേശിക്കുന്ന ലോകമിഷൻ ദിനം നല്ലൊരവസരമാണ്. ക്രൈസ്ത സമൂഹങ്ങളിൽ പ്രാർത്ഥനയിലും ജീവിതസാക്ഷ്യത്തിലും സമ്പത്തിന്റെ പങ്കുവയ്ക്കലിലും സഹകരിക്കാൻ വേണ്ട പ്രേഷിതത്വ ചൈതന്യത്തെ ഉണർത്തുന്നുണ്ട്. സുവിശേഷവത്കരണത്തിന്റെ വിശാലവും നിർബന്ധപൂർവകവുമായ ആവശ്യങ്ങൾക്ക് ചേർന്നവിധം പ്രവർത്തിക്കാൻ തന്നെ.

## സുവിശേഷവത്കരണത്തിന്റെ അമ്മയായ മറിയത്തോടൊപ്പം നമ്മുടെ പ്രേഷിതത്വ നിർവഹണം

10. പ്രിയ സഹാദരീസഹാദരന്മാരേ, നമ്മുടെ ദൗത്യനിർവഹണത്തിൽ, സുവിശേഷവത്കരണത്തിന്റെ അമ്മയായ മറിയത്തിൽ നിന്ന് നമുക്ക് പ്രചോദനം സ്വീകരിക്കാം. അവൾ തന്റെ വിനീതമായ വിശ്വാ

സത്തിന്റെ അഗാധതയിൽ ദിവ്യവചനത്തെ സ്വാഗതം ചെയ്തു. നമ്മുടെ കാലഘട്ടത്തിൽ യേശുവിന്റെ സദ് വാർത്ത പ്രതിധ്വനിക്കുക അത്യാവശ്യമാണ്. ആ ആവശ്യം അറിഞ്ഞുകൊണ്ട് “ഞാൻ സമ്മതിക്കുന്നു” എന്നു പറയാൻ കന്യകാമറിയം നമ്മെ സഹായിക്കട്ടെ. മരണത്തിൻ മേൽ വിജയം വരിക്കുന്ന സദ്വാർത്ത എല്ലാവരിലും എത്തിക്കാൻ നവീകൃത തീക്ഷ്ണതയുണ്ടാകാൻ അവൾ സഹായിക്കട്ടെ. അവൾ നമുക്കുവേണ്ടി മാധ്യസ്ഥ്യം യാചിക്കട്ടെ. ഓരോ സ്ത്രീയും പുരുഷനും രക്ഷയുടെ ദാനം എത്തിച്ചു കൊടുക്കാനുള്ള പുതിയ വഴികൾ കണ്ടെത്താൻ ആവശ്യമായ വിശുദ്ധ ധീരത സമ്പാദിക്കാൻ അങ്ങനെ സാധിക്കട്ടെ.

വത്തിക്കാനിൽ നിന്ന് 4 ജൂൺ 2017,
പെന്തക്കൂസ്താ തിരുനാൾ ദിവസം.

**ഫ്രാൻസിസ് മാർപാപ്പാ**

# MISSION SUNDAY COLLECTIONS
# 2016-17

## DISTRICT - I

| Sl. No. | Name of Churches | Amount |
|---|---|---|
| 1 | St. Francis Assisi Cathedral, Ernakulam | 255,000.00 |
| 2 | St. Mary's Church, Pulleppady | 105,000.00 |
| 3 | Holy Family Monastery Church, Ernakulam | 30,000.00 |
| 4 | St. Theresa's Monastery Church, Ernakulam | 5,000.00 |
| 5 | St. Sebastian Church, Bolghatty | 20,000.00 |
| 6 | Fathima Matha Church, Elamkulam | 343,551.00 |
| 7 | Infant Jesus Church, Ernakulam | 70,000.00 |
| 8 | St. Sebastian Church, Kadavanthara | 40,000.00 |
| 9 | St. George's Church, Perumanoor | 304,775.00 |
| 10 | Our Lady of Mercy, Ponnarimangalam | 83,125.00 |
| 11 | St. Joseph's Church, Thevara | 264,065.00 |
| 12 | The National Shrine Bassilica of Our Lady of Vallarpadam | 200,000.00 |
| 13 | St. Joseph's Church, Panambukad | 40,000.00 |
| 14 | St. Peter & Paul Church, Venduruthy | 14,000.00 |

## DISTRICT - II

| Sl. No. | Name of Churches | Amount |
|---|---|---|
| 1 | Our Lady of Mount Carmel Church, Chathiath | 666,666.00 |
| 2 | Lourdu Matha Church, Lourdupuram, Pachalam | 15,000.00 |
| 3 | Don Bosco Church, Thattazhathama, Vaduthala | 135,000.00 |
| 4 | Holy Family Church, Chittoor | 119,950.00 |
| 5 | Our Lady of Perpetual Help Church, Cheranelloor | 230,700.00 |
| 6 | St. James Church, Cheranelloor | 120,000.00 |
| 7 | Sacred Heart of Jesus Church, Edappally North | 14,000.00 |
| 8 | Sacred Heart of Jesus Church, Kothad | 30,000.00 |
| 9 | St. Augustine's Church, Moolampilly | 90,730.00 |
| 10 | St. Sebastian's Church, Cheriakadamakudy | 7,000.00 |
| 11 | St. Francis Xavier's Church, Pizhala | 50,000.00 |
| 12 | St. Antony's Church, Vaduthala | 360,087.00 |
| 13 | St. Sebastian's Church, Edayakunnam | 40,000.00 |

## DISTRICT - III

| Sl. No. | Name of Churches | Amount |
|---|---|---|
| 1 | St. Sebastian Church, Chalikkavottom | 60,000.00 |
| 2 | Lourdu Matha Church, Elamakkara | 180,000.00 |
| 3 | St. Francis Xavier's Church, Kaloor | 1,998,905.00 |
| 4 | St. Michael's Church, Kakkanad | 202,440.00 |
| 5 | Our Lady of Mount Carmel Church, Mamangalam | 115,000.00 |
| 6 | St. Nicholas De Flue Church, Padamugal | 125,000.00 |
| 7 | St. Antony's Church, Athany, Kakkanad | 24,000.00 |
| 8 | St. John the Baptist Church, Palarivattom | 314,545.00 |
| 9 | Capuchin Ashram Church, Ponnurunny | 15,000.00 |
| 10 | St. Francis Xavier's Church, Ponel | 122,022.00 |
| 11 | Little Flower Church, Pottakuzhy | 265,704.00 |
| 12 | Our Lady of Dolours Church, Thuthiyoor | 25,000.00 |
| 13 | Abhaya Matha Church, Vennala | 5,000.00 |
| 14 | St. John Bosco Church, Edachira | 17,376.00 |

## DISTRICT - IV

| Sl. No. | Name of Churches | Amount |
|---|---|---|
| 1 | St. George's Church, Eroor | 70,000.00 |
| 2 | St. Mary Magdalene's Church, Moothedom, Maradu | 253,500.00 |
| 3 | Our Lady of Perpetual Help Church, Udayamperoor | 50,000.00 |
| 4 | St. Jude's Church, Kureekad | 10,000.00 |
| 5 | St. Antony's Church, Mulamthuruthy | 10,000.00 |
| 6 | St. Joseph's Church, Ambalamugal | 6,000.00 |
| 7 | St. Joseph's Church, Tripunithura | 312,276.00 |
| 8 | Nirmalambika Church, Irumpanam | 12,000.00 |
| 9 | Church of Our Lady of Immaculate Heart of Mary, Nettoor | 70,000.00 |
| 10 | St. Sebastian's Church, Madavana | 27,000.00 |
| 11 | St. Antony's Church, Panangad | 25,000.00 |
| 12 | St. Joseph's Church, Cheppanam | 10,000.00 |
| 13 | St. Thomas Church, Thomaspuram | 50,000.00 |
| 14 | St. Raphael's Church, Thykoodam | 190,000.00 |
| 15 | St. Patrick's Church, Vyttila | 58,115.00 |

| DISTRICT - V | | |
|---|---|---|
| Sl. No. | Name of Churches | Amount |
| 1 | Mary Queen Help of Christians Church, Choornikkara | 25,050.00 |
| 2 | St. Antony's Church, Eloor | 15,000.00 |
| 3 | Christ the King Church, Eloor North | 28,000.00 |
| 4 | St. Pius X Church, Kalamassery | 100,200.00 |
| 5 | Vimalambika Church, Pallilamkara | 20,000.00 |
| 6 | St. Paul's Church, Kalamassery | 14,500.00 |
| 7 | St. Thomas Church, Kuttikattukara | 90,000.00 |
| 8 | Fathima Matha Church, Edayar | 21,530.00 |
| 9 | Church Of Our Lady of Imm.Conception, Manjummel | 185,280.00 |
| 10 | St. John of the Apostle Church, Muppathadam | 51,000.00 |
| 11 | St. John of God, Kalamassery | 3,000.00 |
| 12 | St. Jude Church, Unichira | 175,000.00 |
| 13 | Lourdu Matha Church, Thevakkal | 10,000.00 |
| **DISTRICT - VI** | | |
| 1 | St. Francis Xavier's Church, Alwaye | 50,000.00 |
| 2 | Sacred Heart of Jesus Church, Mudickal | 27,270.00 |
| 3 | Sacred Heart Monastry, Aluva | 6,000.00 |
| 4 | Church of Our Lady of Health, Ponjassery | 20,985.00 |
| 5 | St. Jude Thaddeus Church, Edathala | 140,000.00 |
| 6 | Sacred Heart Church, Khristhunagar, NAD, Aluva | 24,000.00 |
| 7 | Our Lady of Immaculate Conception Church, Koratty | 125,000.00 |
| 8 | St. Jude Thaddeus Church, Yodapuram | 20,630.00 |
| 9 | St. Joseph's Church, Karumaloor, Manakapady | 15,000.00 |
| 10 | Unnimisiha Church, Thelathuruth | 5,000.00 |
| 11 | St. Anne's Church, Thottakattukara | 245,000.00 |
| 12 | St. Antony's Church, Athani, Nedumbassery | 30,000.00 |
| 13 | St. Francis Assissi Church, Chowara | 3,450.00 |

| DISTRICT - VII | | |
|---|---|---|
| Sl. No. | Name of Churches | Amount |
| 1 | St. Antony's Church, Chennur | 53,501.00 |
| 2 | Our Lady of Velankanni, Chariyamthuruth | 22,820.00 |
| 3 | St. Joseph's Church, Valiyakadamakudy | 12,200.00 |
| 4 | Christ the King Church, Christnagar | 28,000.00 |
| 5 | St. Philomina's Church, Koonammavu | 244,810.00 |
| 6 | Sacred Heart Church, Thevarkad | 30,000.00 |
| 7 | Church of Our Lady of Rosary, Maloth | 12,000.00 |
| 8 | St. Antony's Church, Kongorpilly | 65,000.00 |
| 9 | Church of Our Lady of Nativity, Muttinakam | 60,000.00 |
| 10 | St. Joseph's Church, Neerikode | 84,351.00 |
| 11 | Little Flower Church, Panayikulam | 159,686.00 |
| 12 | Infant Jesus Church, Thundathumkadavu | 40,000.00 |
| 13 | Amalolbhavamatha Church, Valluvally | 19,240.00 |
| 14 | Mount Carmel & St. Joseph's Church, Varapuzha | 52,000.00 |
| DISTRICT - VIII | | |
| 1 | St. Ambrose Church, Edavanakad | 110,000.00 |
| 2 | St. George Church, Karthedom | 125,000.00 |
| 3 | St. Sebastian's Church, Perumalpady | 20,000.00 |
| 4 | St. Joseph's Church, Kadapuram, Malipuram | 15,000.00 |
| 5 | Cruz Milagres Church, Kurisinkal | 345,982.00 |
| 6 | Church of Our Lady of Rosary, Murikkumpadam | 60,000.00 |
| 7 | St. Sebastian Church, Putthuvaipu | 42,000.00 |
| 8 | Church of Our Lady of Perpetual Help, Ochanthuruth | 262,533.00 |
| 9 | Holy Family Church, Perumpilly | 200,000.00 |
| 10 | Christ the King Church, Arattuvazhy | 70,000.00 |
| 11 | St. Francis Xavier's Church, Manjanakad | 28,500.00 |
| 12 | St. George Church, Nayarambalam, Vadel | 31,800.00 |
| 13 | Sacred Heart of Jesus Church, Manattuparambu | 133,000.00 |

| Sl. No. | Name of Convents & Institutions | Amount |
|---|---|---|
| 1 | Lourdes Hospital, Ernakulam | 300,000.00 |
| 2 | St. Theresa's Convent, Ernakulam | 75,000.00 |
| 3 | Holy Ghost Convent & School, Thottakattukara | 50,000.00 |
| 4 | Vimalalayam Convent, Kacheripady | 35,000.00 |
| 5 | Christ The King Convent & School, Ponnurunni | 30,000.00 |
| 6 | Little Flower Engineering Institute, Kalamassery | 29,000.00 |
| 7 | St. Joseph's Vidyabhavan, Edapally Toll | 25,000.00 |
| 8 | St. Joseph's Woods Convent, Kalamassery | 25,000.00 |
| 9 | Christhu Jayanthi Hospital, Perumpilly | 25,000.00 |
| 10 | St. Benedict's Convent, Panayikulam | 20,000.00 |
| 11 | St. Antony's Convent, Kacheripady | 20,000.00 |
| 12 | Anugraha Convent, T.D. Road, Ernakulam | 15,500.00 |
| 13 | House of Providence, Ernakulam | 10,200.00 |
| 14 | St. Joseph's Provincilate C.T.C, Kennedymukku | 10,000.00 |
| 15 | St. Francis Xavier's Convent, Kaloor | 10,000.00 |
| 16 | Poor Clares Collentines Assisi Monastery, Aluva | 8,500.00 |
| 17 | Missionary Sisters of Incarmation, Thykoodam | 5,700.00 |
| 18 | Missionary Sisters of Incarmation, Vallarpadam | 5,500.00 |
| 19 | Adoration Monastery 'Villa Soccorso', Chembumukku | 5,000.00 |
| 20 | Udhayathara Bhavan, Udayamperoor | 5,000.00 |
| 21 | Queen Mary's Convent, Mudickal | 5,000.00 |
| 22 | St. Joseph's Convent, Varapuzha | 5,000.00 |
| 23 | St. Theresa's Mercy Home, Kacheripady | 4,000.00 |
| 24 | Ashirbhavan, Ernakulam | 4,000.00 |
| 25 | Isabella De Rosis Convent, Thevarkad | 3,000.00 |
| 26 | Regina Coeli Convent, Kalamassery | 3,000.00 |
| 27 | Amalambica Convent, Vaduthala | 3,000.00 |
| 28 | Christhu Vikas Convent, N.A.D, Aluva | 2,000.00 |
| 29 | St. Elizabeth Convent, Thundathumkadavu | 2,000.00 |
| 30 | St. Joseph's Convent, Unichira | 1,500.00 |
| 31 | Sisters of Holy Nativity, Ponnarimangalam | 1,000.00 |
| 32 | Vimalambika Convent, Ambikapuram | 1,000.00 |
| 33 | Vimala Hridhaya Convent, Edathala | 1,000.00 |

## സർക്കുലർ – 33

## ഫൊറോന വികാരിമാർക്ക് അധികാരം

*യേശുവിൽ പ്രിയസഹോദരവൈദികരെ,*
*സന്യാസസഹോദരന്മാരെ, സഹോദരിമാരെ, വത്സലമക്കളേ,*

1. സാധാരണ അവസരങ്ങളിൽ വിവാഹത്തിന് മുമ്പു മൂന്നുതവണ വിളിച്ചു ചൊല്ലേണ്ടതാണ്. മതിയായ കാരണങ്ങളാൽ മനസ്സമ്മതത്തിന് മുമ്പ് വിളിച്ചു ചൊല്ലേണ്ടതുണ്ടെങ്കിൽ അതിനുള്ള അപേക്ഷ സ്വീകരിച്ച് തങ്ങളുടെ അധികാര പരിധിയിലെ ഫൊറോനയിൽ ബഹു. ഫൊറോന വികാരിമാർക്ക് 2017 ഒക്ടോബർ മാസം മുതൽ മനസ്സമ്മതത്തിനു മുമ്പ് വിളിച്ചുചൊല്ലുന്നതിന് അനുവാദം നൽകാവുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഫോമുകൾ ബഹു. വികാരിമാർ അതിരൂപതാ കച്ചേരിയിൽ നിന്നും വാങ്ങിസൂക്ഷിക്കേണ്ടതാണ്. അടിയന്തിരസാഹചര്യങ്ങളിൽ രണ്ടുതവണ വിളിച്ചുചൊല്ലൽ ഒഴിവാക്കേണ്ടതുണ്ടെങ്കിൽ അതിനുള്ള അനുവാദത്തിനായി അതിരൂപതാ കച്ചേരിയെ സമീപിക്കേണ്ടതാണ്.

2. ഒരു കുട്ടി ജനിച്ച് നിശ്ചിത തൊണ്ണൂറ് ദിവസങ്ങൾക്കുള്ളിൽ മതിയായ കാരണങ്ങളാൽ മാമ്മോദീസ നടത്താൻ സാധിക്കാതെ വരികിൽ തുടർന്ന് ആറുമാസം വരെയുള്ള കാലയളവിൽ അതത് ഫൊറോനകളിൽ ഫൊറോന വികാരിമാർക്ക് അപേക്ഷ സ്വീകരിച്ച് മാമ്മോദീസ നടത്തുവാനുള്ള അനുവാദം നൽകാവുന്നതാണ്. ഒരു കുട്ടി ജനിച്ച് ആറുമാസങ്ങൾക്ക് ശേഷമാണ് മാമ്മോദീസ നടത്തുന്നതെങ്കിൽ അതിനുള്ള അനുവാദം അതിരൂപതാ കച്ചേരിയിൽ നിന്നും വാങ്ങേണ്ടതാണ്.

എറണാകുളം — ***✠ ജോസഫ് കളത്തിപ്പറമ്പിൽ***
**08.10.2017** — വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

## NOTIFICATION - 13
### TRANSFERS AND APPOINTMENTS

1. **Rev. Fr. Antony John Puliparambil**
   P.O. BOX, 1446CHATSWOOD, SYDNEYNSW 2057,
   AUSTRALIA
   E-mail: john@chatswoodparish.org, aujohnverapoly@gmail.com

2. **Rev. Fr. Antony Melwin Kappungal**
   Mühlentorstrasse-17,D - 49808 Lingen,
   GERMANY

3. **Rev. Fr. Augustine Laiju Kandanattuthara**
   Dharmaram College
   Oriental Canon Law Institute, Dharmaram P.O.
   Opp Bangalore Dairy, Bengaluru, Karnataka 560029

4. **Rev. Fr. Christy David Pathiala,**
   Cathedral of the Holy Spirit 519 Raymond Street,
   Bismarck, ND, 58501, USA, Ph: 0001 7013339115

5. **Rev. Fr. Datson D'auravu Maliakal**
   KU LeuvenOude Markt 13, 3000 Leuven
   Belgium

6. **Rev. Fr. Francis Thomas Neissery**
   Mission India International600 Brookforest Ave,
   Shorewood, Joliet, I L 60404-6002, U.S.A.
   frfrnaissery@gmail.com,
   Francis.Neissery@presencehealth.org
   Whatsup number -8089319630

7. **Rev. Fr. Jacob Liju Mathirappilly**
   Klosterhof 759514 Welver, Germany

8. **Rev. Fr. Josy Joseph Kochappilly**
   Pontificio Collegio S. Pietro Apostolo.
   Viale delle Mura Aurelie, 4-00152. Rome-Italy.
   E-mail: josykocha@gmail.com
   Mob: 00393339372859.

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21